മെട്രോ വാർത്ത

09 January 2018

# കൂടുമത്സ്യക്കൃഷിക്ക് വിദഗ്ധ പരിശീലനം

കൊച്ചി: കടലിൽ കൂടുമത്സ്യക്കൃഷി സമ്പ്രദായം വികസിപ്പിക്കുന്നതിനായി മത്സ്യത്തൊഴിലാളികൾക്ക് വിദഗ്ധ പരിശീലനം നൽകാനൊരുങ്ങി സിഎംആർഎഫ്ഐ.

രാജ്യത്തെ എല്ലാ തീരദേശ സംസ്ഥാനങ്ങളിലെയും മത്സ്യത്തൊഴിലാളികളെ ഉപയോഗപ്പെടുത്തി ഭാവിയിൽ കടൽ കൂടുകൃഷി വ്യാപമാക്കുന്നതിന്റെ ഭാഗമായാണ് കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനം പരിശീലനം നൽകാനൊരുങ്ങുന്നത്. ഹൈദരാബാദ് ആസ്ഥാനമായ നാഷണൽ ഫിഷറീസ് ഡവലപ്മെന്റ് ബോർഡിന്റെ (എൻഎഫ്ഡിബി) സാമ്പത്തിക സഹായത്തോടെയാണ് പദ്ധതി. പരിശീലനം പൂർത്തിയാക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് സിഎംഎഫ്ആർഐ ഔദ്യോഗിക അംഗീകാര പത്രങ്ങൾ നൽകും.

ദേശീയ സമുദ്രമത്സ്യകൃഷി നയം പ്രാബല്യത്തിൽ വരുന്നതോടെ കടലിൽ കൂടുമത്സ്യകൃഷി സംരംഭങ്ങൾ വ്യാപകമാകുമെന്നാണ് പ്രതീക്ഷ. വൻതോതിൽ കൂടുകൃഷി നടത്തുന്നതിന് അംഗീകാരം ലഭിക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങൾക്ക് സിഎംഎഫ്ആർഐയുടെ അംഗീകാരപത്രം മത്സ്യത്തൊഴിലാളികൾക്ക് മുതൽക്കൂട്ടാകും. മീൻപിടുത്തത്തിലേർപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് കൂടുമത്സ്യ കൃഷിയിലൂടെ അധികവരുമാനവും നേടാനാകും.



*കടലിൽ നടത്തുന്ന കൂടുമത്സ്യകൃഷിയുടെ ദൃശ്യം.*

സിഎംഎഫ്ആർഐയുടെ മാരികൾച്ചർ വിഭഗാത്തിന്റെ നേതൃത്വത്തിൽ എല്ലാ തീരദേശ സംസ്ഥാനങ്ങളിലും പ്രത്യേകമായാണ് സമഗ്ര പരിശീലന പരിപാടികൾ നടത്തുന്നത്.

സിഎംഎഫ്ആർഐയുടെ കൊച്ചി കേന്ദ്രത്തിൽ 29 മുതൽ 31 വരെ നടക്കുന്ന ത്രിദിന പരിശീലന പരിപാടിയിൽ കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായ മത്സ്യത്തൊഴിലാളികൾക്ക് പങ്കെടുക്കാം. കൂടുനിർമാണം, കൃഷി ചെയ്യുന്നതിനുള്ള സ്ഥല നിർണയം, സാമ്പത്തിക ആസൂത്രണം, യോജിച്ച മത്സ്യക്കുഞ്ഞുങ്ങളെ കണ്ടെത്തൽ, പരിപാലനം, തീറ്റ നൽകൽ, വിളവെടുപ്പ് തുടങ്ങിയ മേഖലകളിലാണ് പരിശീലനം നൽകുക. കൊച്ചി കേന്ദ്രത്തിലെ പരിശീലന പരിപാടിയിൽ, പങ്കെടുക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് യാത്രാചെലവും ഭക്ഷണവും നൽകും. ആദ്യം പേര് രജിസ്റ്റർ ചെയ്യുന്ന 50 മത്സ്യത്തൊഴിലാളികൾക്കാണ് പരിശീലനത്തിന് അവസരം ലഭിക്കുക. പങ്കെടുക്കാൻ താൽപര്യമുള്ളവർ ഈ മാസം 20ന് മുമ്പായി പേര് രജിസ്റ്റർ ചെയ്യണം.